കവർസ്റ്റോറി



# ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ സാധ്യതയും സാധുതയും


**ഡോ. എസ്.ക്യു.ആർ ഇൽയാസ്**

(ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാ സമിതിയംഗം)


**ഓരോ** തെരഞ്ഞെടുപ്പ് അടുക്കുമ്പോഴും പുതിയ മുസ്‌ലിം രാഷ്ട്രീയ പാർട്ടികൾ കലപില കൂട്ടിവരാറുണ്ട്. തെരഞ്ഞെടുപ്പ് കഴിയുന്നതോടെ അവ അന്തരീക്ഷത്തിൽ ലയിക്കും. ഇത്തവണയും മാറ്റമില്ലാതെ കാര്യങ്ങൾ ആവർത്തിക്കുന്നുണ്ട്. എന്നിരുന്നാലും സമീപകാലത്ത് ചില ഗൗരവപ്പെട്ട നീക്കങ്ങൾ നടന്നത് കാണാതിരുന്നു കൂടാ. മുസ്‌ലിം ന്യൂനപക്ഷ രാഷ്ട്രീയ പാർട്ടിയുടെ പ്രാധാന്യം, പ്രസക്തി, അത് വരുത്തിയേക്കാവുന്ന നഷ്ടങ്ങൾ തുടങ്ങിയവയെക്കുറിച്ച് വിവിധ ചിന്താഗതിക്കാർ വ്യത്യസ്തമായ വാദങ്ങൾ നിരത്താറുണ്ട്. ഇവയെ വസ്തുനിഷ്ഠമായി സമീപിക്കേണ്ട സന്ദർഭമാണിത്.

## മുസ്‌ലിം രാഷ്ട്രീയ പാർട്ടി

ഭരണഘടനാപരമായിത്തന്നെ പ്രത്യേക പദവി നൽകപ്പെട്ട ന്യൂനപക്ഷ വിഭാഗമായ മുസ്‌ലിം സമുദായത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഒരു മുസ്‌ലിം രാഷ്ട്രീയ പാർട്ടി അനിവാര്യമാണെന്നാണ് ഒരു വാദം. സ്വാതന്ത്ര്യലബ്ധിക്കു ശേഷം മുസ്‌ലിം സമുദായം പ്രശ്നങ്ങളാൽ വലയിതമാണ്. ജീവധനാദികൾ, മതം, വ്യക്തിനിയമങ്ങൾ, സ്ഥാപനങ്ങൾ എന്നിവക്കു നേരെയുള്ള ഭീഷണികൾക്കു പുറമെ വിദ്യാഭ്യാസ- സാമ്പത്തിക പിന്നാക്കാവസ്ഥയും രാഷ്ട്രീയ അനാഥത്വവും സമുദായത്തിന്റെ അസ്തിത്വത്തെ തന്നെ ചോദ്യംചെയ്തുകൊണ്ടിരിക്കുന്നു. മുസ്‌ലിം വോട്ടുകൊണ്ട് അധികാരത്തിലെത്തുന്ന സെക്യുലർ പാർട്ടികൾ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതു പോയിട്ട് ഗൗരവപൂർവം ഇവയെ സമീപിക്കാൻ പോലും തയാറാകുന്നില്ല എന്നതാണ് കഴിഞ്ഞ അറുപത് വർഷത്തെ ചരിത്രം. സച്ചാർ സമിതി റിപ്പോർട്ട് ഇതിന്റെ തെളിവാണ്. ദേശീയ-സംസ്ഥാന സർക്കാറുകൾ ഇക്കാര്യത്തിൽ ഒരുപോലെയാണ്. കടലാസിൽ പദ്ധതികൾ പലതും കണ്ടേക്കാം; എന്നാൽ നടപ്പാക്കുന്നിടത്ത് വട്ടപ്പൂജ്യമാണ് നാളിതുവരെയുള്ള അനുഭവം. അതിനാൽ സഖ്യസർക്കാറുകളിൽ ഭാഗഭാക്കായും പ്രതിഷേധസ

**മുലായംസിംഗ് യു.പിയിൽ മൂന്നു തവണ സർക്കാർ രൂപവത്കരിച്ചത് അദ്ദേഹത്തിന് 29 –30 ശതമാനം വരെ വോട്ടുകൾ ലഭിച്ചാണ്. ഇതിൽ യാദവരുടെ പങ്ക് വെറും ഏഴു ശതമാനവും മുസ്‌ലിംകളുടേത് 18 ശതമാനവും ആയിരുന്നു. എന്നാൽ മുലായത്തിന്റെ ഭരണത്തിന്റെ യഥാർഥ ഫലം യാദവർക്ക് മാത്രമാണ് ലഭിച്ചത്.**



മരങ്ങളിലൂടെയും മറ്റും സമുദായത്തിന്റെ അവകാശങ്ങൾ നേടിയെടുക്കാൻ സ്വന്തം രാഷ്ട്രീയ പാർട്ടിതന്നെ വേണം.

തീരെ അപ്രസക്തമല്ല ഈ വാദം. കേരളത്തിൽ യു.ഡി.എഫിലെ മുസ്‌ലിം ലീഗിന്റെ സാന്നിധ്യം സംസ്ഥാനത്തെ മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസ -സാമ്പത്തിക-രാഷ്ട്രീയ ശാക്തീകരണത്തിൽ ചെറുതല്ലാത്ത പങ്ക് വഹിച്ചിട്ടുണ്ട്. വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ മുസ്‌ലിംകൾക്ക് ആദ്യമായി 12 ശതമാനം സംവരണം ലഭിച്ച സംസ്ഥാനമാണ് കേരളം. ഇതുപോലെ ആന്ധ്രപ്രദേശിൽ മജ്‌ലിസ് ഇത്തിഹാദുൽ മുസ്‌ലിമീന്റെ പ്രവർത്തനഫലമായി സർക്കാറിൽനിന്ന് ചിലതൊക്കെ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പാർട്ടികളുടെ സാന്നിധ്യം സർക്കാർ നയങ്ങളെയും അവയുടെ പ്രയോഗവത്കരണത്തെയും ഒരളവോളം സ്വാധീനിച്ചിട്ടുണ്ട്. ഇതര മത സാമുദായിക സംഘടനകളുടെ പ്രവർത്തനങ്ങൾ ഈ മുന്നേറ്റത്തെ ഏറെ സഹായിക്കുകയും ചെയ്തു.

ഇന്ന് വ്യത്യസ്ത വിഭാഗങ്ങളുടെയും പ്രദേശങ്ങളുടെയും താൽപര്യ സംരക്ഷണാർഥം പ്രത്യേക പാർട്ടികൾ രൂപവത്കരിക്കപ്പെടുകയും അക്കാര്യത്തിൽ അവ ഏറക്കുറെ വിജയം വരിക്കുകയും ചെയ്യുന്നു എന്നതും മുസ്‌ലിം രാഷ്ട്രീയ പാർട്ടിയുടെ രൂപവത്കരണത്തിന് ഉപോദ്ബലകമായ തെളിവായി അവതരിപ്പിക്കാറുണ്ട്. ഈ അർഥത്തിൽ മുസ്‌ലിംകൾക്ക് ഭരണഘടനാപരമായി ലഭിക്കേണ്ട അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഒരു പാർട്ടി കാലത്തിന്റെ തേട്ടമാണ്. ഈ വാദവും പ്രസക്തം തന്നെ. ഇന്ത്യയിൽ ദലിതുകളും മറ്റു പിന്നാക്ക വിഭാഗങ്ങളും നൂറ്റാണ്ടുകളായി ചൂഷണത്തിന് ഇരകളായിക്കൊണ്ടിരിക്കുകയാണ്. കോൺഗ്രസ്സിന്റെയും മറ്റു മതേതര കക്ഷികളുടെയും തെരഞ്ഞെടുപ്പ് പത്രികകളിൽ ഈ വിഭാഗങ്ങളുടെ ഉന്നമനം വലിയ അക്ഷരങ്ങളിൽ തന്നെ എഴുതപ്പെടാറുണ്ട്. ദേശീയ-സംസ്ഥാന സർക്കാറുകളും ഇക്കാര്യം അവഗണിക്കാറില്ല. എന്നാൽ വേറിട്ട രാഷ്ട്രീയ പാർട്ടികൾ രൂപവത്കരിച്ച് തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി ഈ വിഭാഗങ്ങൾ ഇറങ്ങിത്തിരിച്ചപ്പോഴാണ് അവരുടെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ ശാക്തീകരണം യാഥാർഥ്യമായത് എന്നത് നിഷേധിക്കാനാവാത്ത സത്യമാണ്. ഈ വിഭാഗങ്ങൾക്ക് സംവരണവും മറ്റു ക്ഷേമപദ്ധതികളും ലഭിച്ചു എന്നതിൽ പരിമിതമായിരുന്നില്ല ഈ മുന്നേറ്റം. മറിച്ച് ഭരണത്തിൽ ഭാഗഭാക്കാവുന്നതിനും ചില സംസ്ഥാനങ്ങളിൽ സർക്കാറുകൾ രൂപവത്കരിക്കുന്നതിനും വരെ ഈ പാർട്ടികൾക്ക് സാധിച്ചു. നൂറ്റാണ്ടുകളായി ഉന്നത ജാതിക്കാരുടെ ആട്ടും തുപ്പുമേറ്റ് അവർക്ക് അടിമപ്പണി ചെയ്തിരുന്ന പിന്നാക്ക ജാതിക്കാർക്ക് ഇന്ന് ഇന്ത്യയിലെ ഉന്നതാധികാര കേന്ദ്രങ്ങളിൽ ഇരുന്ന് തങ്ങളുടെ ജാതിക്കാരുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കാൻ കഴിയുന്നു എന്നതാണ് ഈ കുതിപ്പിന്റെ ഫലം. പലപ്പോഴും ജനസംഖ്യാപരമായി ന്യൂനപക്ഷമായിരിക്കെ തന്നെയാണ് പല വിഭാഗങ്ങളും അധികാരച്ചെങ്കോൽ കൈയാളിയത്.

**ബട്‌ല ഹൗസ് ഏറ്റുമുട്ടലുമായി ബന്ധപ്പെട്ട് തങ്ങളുടെ പ്രതിഷേധം പ്രകടിപ്പിക്കുന്നതിനായി ബി.എസ്.പി എം.പിമാരായ ഇൽയാസ് അഅ്സമിയും അക്ബർ അഹ്മദ് ഡംപിയും അറബി സ്കാർഫ് ധരിച്ച് പാർലമെന്റിൽ പോയത് ബഹൻജി (മായാവതി)ക്ക് ഒട്ടും രുചിച്ചില്ല. ഇത്തവണ ഈ 'മുസ്‌ലിം നേതാക്കൾ'ക്കൊന്നും ടിക്കറ്റ് ലഭിച്ചിട്ടില്ല.**

മുലായംസിംഗിന്റെയും ലാലുപ്രസാദിന്റെയും പാർട്ടികൾ പേരുകൊണ്ട് മതേതര കക്ഷികളാണ്. എല്ലാ വിഭാഗക്കാർക്കും ഇതിൽ അംഗത്വമെടുക്കാവുന്നതാണ്. എന്നാൽ ഈ പാർട്ടികളുടെ പ്രാഥമിക പരിഗണന യാദവരുടെ ഉന്നമനവും പിന്നീട് മറ്റു പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമവുമാണെന്നത് ഒരു യാഥാർഥ്യമാണ്. ഉത്തർപ്രദേശിൽ 7 ശതമാനവും ബീഹാറിൽ 14 ശതമാനവുമാണ് യാദവരുടെ ജനസംഖ്യാ പ്രാതിനിധ്യം. മുലായംസിംഗ് യു.പിയിൽ മൂന്നു തവണ സർക്കാർ രൂപവത്കരിച്ചത് അദ്ദേഹത്തിന് 29-30 ശതമാനം വരെ വോട്ടുകൾ ലഭിച്ചാണ്. ഇതിൽ യാദവരുടെ പങ്ക് വെറും ഏഴു ശതമാനവും മുസ്‌ലിംകളുടേത് 18 ശതമാനവും ആയിരുന്നു. എന്നാൽ മുലായത്തിന്റെ ഭരണത്തിന്റെ യഥാർഥ ഫലം യാദവർക്ക് മാത്രമാണ് ലഭിച്ചത്. ഇതുപോലെ എം.വൈ (മുസ്‌ലിം-യാദവ്) ഫോർമുലയെ ഉപജീവിച്ച് ലാലു ബീഹാറിൽ 15 വർഷം ഭരിച്ചു. അദ്ദേഹത്തിന്റെ പാർട്ടിക്ക് കിട്ടിയിരുന്ന 30 ശതമാനം വോട്ടുകളിൽ യാദവരുടേത് 14 ശതമാനവും മുസ്‌ലിംകളുടേത് 16 ശതമാനവും ആയിരുന്നു. എന്നാൽ വികസന പദ്ധതികളിൽ മുസ്‌ലിംകളുടെ സ്ഥാനം കളത്തിനു പുറത്തായിരുന്നുവെന്നത് കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു.

ഇതുപോലെ മായാവതിയുടെയും രാംവിലാസ് പാസ്വാന്റെയും പാർട്ടികൾ യഥാർഥത്തിൽ ദലിത് പാർട്ടികളാണ്. മുസ്‌ലിംകളുടെ കാര്യത്തിൽ ബി.എസ്.പി സർക്കാറിന്റെ പ്രവർത്തനവും നിരാശാജനകം തന്നെയാണ്. അതിനാൽ തങ്ങളുടെ പ്രശ്നപരിഹാരത്തിന് സ്വന്തം രാഷ്ട്രീയ പാർട്ടി തന്നെ വേണമെന്ന് മുസ്‌ലിംകൾ ചിന്തിച്ചാൽ അതിൽ തെറ്റെന്താണുള്ളത്? നേരത്തെ പറയപ്പെട്ട സ്വഭാവത്തിൽ നടത്തപ്പെട്ട ചില പരീക്ഷ



ണങ്ങൾ ചിലയിടങ്ങളിൽ വിജയം വരിച്ച സന്ദർഭത്തിൽ വിശേഷിച്ചും. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും സഖ്യ സർക്കാറുകൾ രൂപീകരിക്കപ്പെടുന്ന ഇക്കാലത്ത് ഈ ആശയം കൂടുതൽ പ്രസക്തമാണുതാനും.

### എതിർവാദങ്ങൾ

മറുവശത്ത്, മുസ്‌ലിം രാഷ്ട്രീയ പാർട്ടിയെ എതിർക്കുന്നവർ ഉന്നയിക്കുന്ന വാദം അത് വർഗീയതക്ക് വളം വെക്കുമെന്നാണ്. സാമുദായിക ധ്രുവീകരണവും ഹിന്ദു-മുസ്‌ലിം സമുദായങ്ങൾക്കിടയിൽ വെറുപ്പും വർധിപ്പിക്കുന്നതിന് വർഗീയ ഫാഷിസ്റ്റ് ശക്തികൾക്ക് അത് കരുത്ത് നൽകും. തൽഫലമായി അവരുടെ ശക്തി വർധിക്കുമെന്ന് മാത്രമല്ല, അവരെ അധികാരത്തിലെത്തിക്കുന്നതിനുതന്നെ ഈ മുസ്‌ലിം പാർട്ടികൾ കാരണമാകും. ഈ വാദം പരിശോധിക്കുന്നതിന് മുസ്‌ലിം രാഷ്ട്രീയ പാർട്ടികൾ സജീവമായ സംസ്ഥാനങ്ങളുടെ അവലോകനം തീർച്ചയായും ആവശ്യമാണ്.

കേരളത്തിൽ മുസ്‌ലിം ലീഗ് ദശാബ്ദങ്ങളോളം സജീവ രാഷ്ട്രീയത്തിൽ ഉണ്ട്. രാജ്യത്തെ വിഭജിക്കാൻ കാരണക്കാരായവർ എന്ന ആരോപണം കൂടി ഈ പാർട്ടിയുടെ മേലുണ്ട്. ഇക്കാരണം കൊണ്ടുതന്നെ കേരളത്തിൽ മുസ്‌ലിം വർഗീയകക്ഷിയെ കോൺഗ്രസ് കൂട്ടുപിടിക്കുന്നു എന്ന് ബി.ജെ.പി നിരന്തരം ആരോപിക്കാറുണ്ട്. എപ്പോഴൊക്കെ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.ഡി.എഫ് അധികാരത്തിൽ വന്നിട്ടുണ്ടോ, അതിലൊക്കെ മുസ്‌ലിം ലീഗ് അവിഭാജ്യ ഘടകമായിരുന്നിട്ടുണ്ട്. ഇക്കാരണങ്ങളാൽ, നേരത്തെ പറഞ്ഞ വാദമനുസരിച്ച് കേരളത്തിൽ വർഗീയ ഫാഷിസ്റ്റ് പാർട്ടികൾ അത്യധികം ശക്തിയാർജിക്കേണ്ടതായിരുന്നു. എന്നാൽ ഇന്നുവരെ കേരള അസംബ്ലിയിൽ ഒരു സീറ്റുപോലും നേടാൻ ബി.ജെ.പിക്കായിട്ടില്ല. എന്നാൽ ഇതിന് വിരുദ്ധമായി തൊട്ടടുത്ത കർണാടകയിൽ ഒരൊറ്റ മുസ്‌ലിം പാർട്ടിയും പ്രവർത്തിക്കുന്നില്ല. എന്നിട്ടും മതേതര കക്ഷികളെ തറപറ്റിച്ച് ബി.ജെ.പിയാണ് ഇക്കുറി അവിടെ വിജയം കൊയ്തത്. കാലങ്ങളായി തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ സജീവമായി പങ്കെടുക്കുന്ന മജ്‌ലിസ് ഇത്തിഹാദുൽ മുസ്‌ലിമീൻ പ്രവർത്തിക്കുന്ന ആന്ധ്രപ്രദേശാണ് മറ്റൊരു സംസ്ഥാനം. പലതവണയായി ഹൈദരാബാദിൽനിന്ന് അവരുടെ പ്രതിനിധി പാർലമെന്റിൽ എത്തുന്നുണ്ട്. സംസ്ഥാന അസംബ്ലിയിലും 4-5 എം.എൽ.എമാർ ഈ പാർട്ടിക്കുണ്ട്. ഇവിടെയും ബി.ജെ.പിക്ക് പറയത്തക്ക നേട്ടം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. ഇതുപോലെ ഈയടുത്ത് മഹാരാഷ്ട്രയിലെ മാലേഗാവിലെ കോർപറേഷൻ തെരഞ്ഞെടുപ്പിൽ മുസ്‌ലിംകൾ ഒരു പരീക്ഷണം നടത്തുകയുണ്ടായി. കോൺഗ്രസിനെതിരെ തെരഞ്ഞെടുപ്പിൽ മത്സരിച്ച്, കോൺഗ്രസ്സിന്റെ പിന്തുണയോടെ ഭരണം നടത്തുകയാണ് അവിടത്തെ മുസ്‌ലിം പാർട്ടി. ആസാമിൽ കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിൽ മുസ്‌ലിംകളാൽ രൂപീകൃതമായ എ.യു.ഡി.എഫ് 10 സീറ്റുകൾ നേടുകയും 12 മണ്ഡലങ്ങളിൽ രണ്ടാം സ്ഥാനത്തെത്തുകയും ചെയ്തു. എ.യു.ഡി.എഫിന്റെ മത്സരം കോൺഗ്രസിനോടായിരുന്നെങ്കിലും അതിന്റെ മെച്ചം വർഗീയ കക്ഷികൾക്ക് ലഭിച്ചില്ല. യഥാർഥത്തിൽ കോൺഗ്രസ്സിന്റെ സ്വാഭാവിക സഖ്യകക്ഷി ആവേണ്ടിയിരുന്നത് എ.യു.ഡി.എഫ് ആയിരുന്നെങ്കിലും സംസ്ഥാനത്തെ ഒരു വർഗീയകക്ഷിയായ ബോഡോ നാഷനൽ പാർട്ടിയുമായി കൈകോർത്ത് കോൺഗ്രസ് സർക്കാർ രൂപീകരിക്കുകയാണ് ചെയ്തത്. മുസ്‌ലിം വോട്ടുകൾ തങ്ങളുടെ ശാശ്വത കുത്തകയാണെന്നാണ് കോൺഗ്രസ് കരുതിയിരുന്നത്. എ.യു.ഡി.എഫുമായി കൈകോർക്കുകയെന്നാൽ കേരളത്തിലെ പോലെ അവരെ തങ്ങളുടെ സ്ഥിരം സഖ്യകക്ഷിയാക്കേണ്ടിവരുമെന്ന് അവർ ഭയന്നു. അതിനവർ തയാറല്ലായിരുന്നു.

മുസ്‌ലിം പാർട്ടിക്കെതിരായ മറ്റൊരു വാദം, കോൺഗ്രസടക്കമുള്ള എല്ലാ മതേതര കക്ഷികളിലും ഇന്ന് മുസ്‌ലിംകൾ ചേർന്ന് പ്രവർത്തിക്കുകയും ഈ പാർട്ടികൾ മുസ്‌ലിം താൽപര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നു എന്നതാണ്. രാഷ്ട്രീയത്തിലെ മുസ്‌ലിം പ്രാതിനിധ്യത്തിനും അവകാശ സംരക്ഷണത്തിനും ഇതും ഒരു മാർഗമാണ്. മുസ്‌ലിംകൾ ഗണ്യമായ അളവിൽ ഈ പാർട്ടികളിൽ ചേർന്നു പ്രവർത്തിക്കുകയും മുസ്‌ലിം വോട്ടുകളെ ആശ്രയിക്കേണ്ട അവസ്ഥ ഉണ്ടാക്കുകയും ചെയ്താൽ മാത്രമേ ഈ കക്ഷികളെ മതേതരത്വത്തിൽ ഉറപ്പിച്ചുനിർത്താനും കഴിയൂ.

സെക്യുലർ പാർട്ടികളുമായി സഹകരിക്കുകയും അവരുടെ പ്ലാറ്റ്ഫോമിൽനിന്ന് പാർലമെന്റിനെയും അസംബ്ലിയെയും പ്രതിനിധീകരിക്കുകയും ചെയ്യുന്നതിന്റെ ചരിത്രവും അതിന്റെ അനന്തരഫലങ്ങളും കഴിഞ്ഞ അറുപത് വർഷമായി നമ്മുടെ മുന്നിലുണ്ട്. ഒന്നാമതായി, ഇത്തരം പാർട്ടികളിലെ മുസ്‌ലിം പ്രാതിനിധ്യത്തിന്റെ സ്വഭാവം തന്നെയാണ് ഇതിന്റെ പ്രധാന സാക്ഷ്യം. ഈ പാർട്ടികളിലെ ഏതെങ്കിലും മുസ്‌ലിം പ്രതിനിധികൾ സമുദായത്തിന്റെ പ്രശ്നങ്ങൾ ഉയർത്തിയാൽ, മതേതര വിരുദ്ധതയും മുസ്‌ലിം വർഗീയതയും ആരോപിച്ച് അവരെ നേരിടുന്ന പതിവാണ് ഉള്ളത്. മുസ്‌ലിം പ്രാതിനിധ്യത്തിന് വേണ്ടി ഈ പാർട്ടികൾ തെരഞ്ഞെടുക്കുന്ന വ്യക്തികളിലാവട്ടെ സ്വഭാവ മൂല്യങ്ങളും സമുദായ സ്നേഹവും ദീനീബോധവും പേരിന് പോലും കാണാറില്ല. വല്ലവർക്കും ഇത്തരം ഗുണങ്ങൾ ഉണ്ടെങ്കിലാകട്ടെ പൊതുധാരയിൽ ചേർന്ന് അവയും ഇല്ലാതാവുന്നതാണ് അനുഭവം. ബട്‌ല ഹൗസ് ഏറ്റുമുട്ടലുമായി ബന്ധപ്പെട്ട് തങ്ങളുടെ പ്രതിഷേധം പ്രകടിപ്പിക്കുന്നതിനായി ബി.എസ്.പി എം.പിമാരായ ഇൽയാസ് അഅ്സമിയും അക്ബർ അഹ്മദ് ഡംപിയും അറബി സ്കാർഫ് ധരിച്ച് പാർലമെന്റിൽ പോയത് ബഹൻജി (മായാവതി)ക്ക് ഒട്ടും രുചിച്ചില്ല. ഇത്തവണ ഈ 'മുസ്‌ലിം നേതാക്കൾ'ക്കൊന്നും ടിക്കറ്റ് ലഭിച്ചിട്ടില്ല. അതുപോലെ ഹേമന്ദ് കർക്കരെയുടെ മരണത്തിൽ സംശയം പ്രകടിപ്പിച്ച എ.ആർ ആന്തുലെക്കും ശക്തമായ വിമർശനമാണ് ഏറ്റുവാങ്ങേണ്ടിവന്നത്.

യഥാർഥത്തിൽ 'മുസ്‌ലിം രാഷ്ട്രീയം ഹിന്ദുവർഗീയതക്ക് കാരണമാകും' എന്ന ഭയം നിലനിർത്തിയാണ് മതേതര കക്ഷികൾ തങ്ങൾക്ക് ലഭിക്കുന്ന മുസ്‌ലിം പിന്തുണ സമുദായത്തിന്റെ തന്നെ നിർബന്ധിത ബാധ്യതയാക്കി മാറ്റിയത്. 'ഞങ്ങളില്ലെങ്കിൽ വർഗീയശക്തികൾ അധികാരത്തിലെത്തും' എന്ന് പേടിപ്പിച്ച് തങ്ങളുടെ 'മതേതരത്വ'ത്തിനും അവർ അടിത്തറയുണ്ടാക്കി. വർഗീയ ശക്തികളെ തടയിടുന്നതിൽ ശ്രദ്ധപതിപ്പിക്കുമ്പോൾ സമുദായത്തിന്റെ താൽപര്യ സംരക്ഷണം പൂർണമാക്കാൻ കഴിഞ്ഞെന്നുവരില്ല. അങ്ങനെ മുസ്‌ലിം പ്രീണനത്തിന്റെ ആരോപണത്തിൽനിന്നും സമർഥമായി രക്ഷപ്പെടുന്നതിലും

**എം.വൈ (മുസ്‌ലിം – യാദവ്) ഫോർമുലയെ ഉപജീവിച്ച് ലാലു ബീഹാറിൽ 15 വർഷം ഭരിച്ചു. അദ്ദേഹത്തിന്റെ പാർട്ടിക്ക് കിട്ടിയിരുന്ന 30 ശതമാനം വോട്ടുകളിൽ യാദവരുടേത് 14 ശതമാനവും മുസ്‌ലിംകളുടേത് 16 ശതമാനവും ആയിരുന്നു. എന്നാൽ വികസന പദ്ധതികളിൽ മുസ്‌ലിംകളുടെ സ്ഥാനം കളത്തിനു പുറത്തായിരുന്നുവെന്ന് കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു.**



ഇക്കൂട്ടർ വിജയിക്കുന്നു.

## വേണ്ടത് കേവല മുസ്‌ലിം പാർട്ടിയോ?

മുകളിലെ ചർച്ചകളിൽനിന്ന് മുസ്‌ലിം രാഷ്ട്രീയ പാർട്ടിയുടെ അസ്തിത്വത്തിന് പ്രശ്നങ്ങളില്ലെന്ന് മാത്രമല്ല, അതിന്റെ അനിവാര്യ പ്രയോജനങ്ങൾ കൂടി വ്യക്തമാകുന്നുണ്ട്. എന്നാൽ, തങ്ങളുടെ താൽപര്യ സംരക്ഷണം മാത്രമാണോ മുസ്‌ലിംകൾക്ക് ഈ രാജ്യത്ത് ചെയ്യാനുള്ള ദൗത്യം എന്ന സുപ്രധാന ചോദ്യം അപ്പോഴും ബാക്കിയാവുന്നു. ഇസ്‌ലാം അതിന്റെ അനുയായികൾക്ക് നൽകിയ സ്ഥാനവും ഔന്നത്യവും ഇതിനപ്പുറത്തേക്കുയരാൻ അവരെ പ്രേരിപ്പിക്കുന്നില്ലേ? രാജ്യത്തെ മുഴുവൻ ജനവിഭാഗങ്ങൾക്കും നീതി ലഭ്യമാക്കുന്നതിനും മർദിത പീഡിത വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും രാജ്യത്ത് നടപ്പാക്കുന്ന നയപരിപാടികൾ നീതിയുക്തമാക്കുന്നതിനും മുസ്‌ലിംകൾക്ക് താൽപര്യം ഉണ്ടാകേണ്ടതില്ലേ? സമുദായത്തിന്റെ മാത്രം നേതൃത്വമാണോ അവർ ആഗ്രഹിക്കേണ്ടത്? രാജ്യത്തെ സാധാരണക്കാർക്ക്, വിശേഷിച്ച് മർദിത-പീഡിത-പാർശ്വവൽകൃത വിഭാഗങ്ങൾക്ക് മാർഗദർശനവും നേതൃത്വവും നൽകൽ അവരുടെ ബാധ്യതയല്ലേ? നിസ്സംശയം, മുസ്‌ലിംകൾക്ക് ലഭ്യമായ സ്ഥാനത്തിന്റെയും ഔന്നത്യത്തിന്റെയും തേട്ടം, അവർ മുഴുവൻ മനുഷ്യർക്കും നീതി ലഭ്യമാക്കാനും മർദിത വിഭാഗങ്ങൾക്ക് അനീതിയിൽനിന്ന് സംരക്ഷണം നൽകാനും രാജ്യത്ത് ശാന്തിയും സമാധാനവും നിലനിർത്താനുമുള്ള വിശാല അജണ്ടയുമായി രാഷ്ട്രീയ രംഗത്തിറങ്ങണമെന്നാണ്. അവരാൽ രൂപീകൃതമാവുന്ന ഒരു പാർട്ടി മുസ്‌ലിംകൾക്കൊപ്പംതന്നെ മുഴുവൻ മനുഷ്യരുടെയും നന്മയും ക്ഷേമവും ലക്ഷ്യമാക്കി പ്രവർത്തിക്കുമ്പോഴാണ് അത് സാധ്യമാവുക. അതിനാൽ മുസ്‌ലിംകൾക്ക് നേതൃത്വത്തിൽ ഏറിയ പങ്കുള്ള, എന്നാൽ മത-സമുദായ ഭേദമില്ലാതെ എല്ലാവരുടെയും നന്മ ലക്ഷ്യംവെച്ചും രാജ്യത്ത് ശാന്തിയും സമാധാനവും നീതിയും സ്ഥാപിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന ഒരു പാർട്ടിയാണ് രൂപീകൃതമാവേണ്ടത്. ഇന്ന് രാജ്യത്തുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ഭരണഘടനയിലും മാനിഫെസ്റ്റോയിലും എന്തെല്ലാം പറഞ്ഞിട്ടുണ്ടെങ്കിലും ഏതെങ്കിലും പ്രത്യേക മതവിഭാഗങ്ങളുടെയോ ജാതികളുടെയോ വ്യക്തികളുടെയോ താൽപര്യമാണ് യഥാർഥത്തിൽ അവ സംരക്ഷിക്കുന്നത്. അതിനാൽ ഉന്നത മൂല്യങ്ങളിൽ അടിയുറച്ചു നിൽക്കുകയും മനുഷ്യരെ മത-വംശ-ദേശാടിസ്ഥാനത്തിൽ വിഭജിക്കുന്നതിനു പകരം ഏവരെയും ഒന്നായി കാണുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ രംഗപ്രവേശം കാലത്തിന്റെ തേട്ടമായി മാറിയിരിക്കുന്നു. നിസ്സംശയം, ഇസ്‌ലാമിൽനിന്ന് ഊർജം സംഭരിക്കുന്നവർക്കല്ലാതെ ആർക്കാണ് ഇത്തരം ഒരു കാൽവെപ്പ് നടത്താനാവുക? ■

**വിവ: എം. സാജിദ്**

**വ്യത്യസ്ത വിഭാഗങ്ങളുടെയും പ്രദേശങ്ങളുടെയും താൽപര്യ സംരക്ഷണാർഥം പ്രത്യേക പാർട്ടികൾ രൂപവത്കരിക്കപ്പെടുകയും അക്കാര്യത്തിൽ അവ ഏറക്കുറെ വിജയം വരിക്കുകയും ചെയ്യുന്നു എന്നതും മുസ്‌ലിം രാഷ്ട്രീയ പാർട്ടിയുടെ രൂപവത്കരണത്തിന് ഉപോദ്ബലകമായ തെളിവായി അവതരിപ്പിക്കാറുണ്ട്. ഈ അർഥത്തിൽ മുസ്‌ലിംകൾക്ക് ഭരണഘടനാപരമായി ലഭിക്കേണ്ട അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഒരു പാർട്ടി കാലത്തിന്റെ തേട്ടമാണ്.**